# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ജൂൺ 8, വെള്ളി

## നമ്പർ 130

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

തലേദിവസം അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ടുള്ള നോട്ടീസിന്മേൽ മറുപടി പറയവേ പ്രതിപക്ഷകക്ഷികളിലെ അംഗങ്ങൾ തീവ്രവാദ ഗ്രൂപ്പുകളുമായി ബന്ധമുള്ളവരാണെന്ന തരത്തിൽ മുഖ്യമന്ത്രി നടത്തിയതായി പറയപ്പെടുന്ന പരാമർശംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. ടി. തോമസും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. നിയമസഭയിൽ നടത്തിയ പരാമർശം സംബന്ധിച്ച് ചർച്ച അനുവദനീയമല്ലെന്നതിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യം മുഴക്കുകയും സഭയിൽ നിന്നിറങ്ങി പ്പോകുകയും തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ:

കനോലി കനാൽ ശുദ്ധീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. വി. അബ്ദുറഹിമാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1368/2018 (i).

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. സി. കെ. ശശീന്ദ്രൻ | വയനാട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സും എച്ച്.റ്റി.എ.-യും | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 2 | ശ്രീ. ബി. ഡി. ദേവസ്സി | വെറ്റിലപ്പാറയിൽ പെൺകുട്ടികൾക്കുള്ള ഹോസ്റ്റലിന്റെ നിർമ്മാണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ദാസൻ | അപകടാവസ്ഥയിലായ മത്സ്യബന്ധന ബോട്ടിനുള്ള രക്ഷാപ്രവർത്തനം ത്വരിതപ്പെടുത്തുന്നത് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 4 | ശ്രീ. ആർ. രാജേഷ് | തഴക്കര പഞ്ചായത്തിലെയും മാവേലിക്കര മുനിസിപ്പാലിറ്റിയിലെയും കുടിവെള്ള ക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. കൃഷ്ണൻകുട്ടി | പാലക്കാട് ജില്ലയിലെ കർഷകരുടെ സബ്സിഡി ആനുകൂല്യങ്ങൾ | കൃഷി വകുപ്പുമന്ത്രി |
| 6 | ശ്രീ. എൽദോ എബ്രഹാം | അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്ക് റേഷൻ പെർമിറ്റ് പുതുക്കി നൽകുന്നത് | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. കെ. സി. മമ്മത് കോയ | കോഴിക്കോട് നഗരത്തിലെ മാലിന്യ സംസ്കരണ സംവിധാനം | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>അനൗദ്യോഗികാംഗങ്ങളുടെ കാര്യം:</u>

(I) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് അംഗീകരിച്ചു

(II) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:

(1) ശ്രീ. ബി. സത്യൻ അദ്ദേഹം നോട്ടീസ് നല്കിയ 2017-ലെ കേരള ജലസ്രോതസ്സ് സംരക്ഷണ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ജലവിഭവ വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നല്കി. പ്രസ്താവന പൂർത്തിയായില്ല.

[കാര്യവിവരപ്പട്ടികയിൽ 3(2) (ii), (iii), (iv) എന്നിവ ആയി ഉൾപ്പെടുത്തിയിരുന്ന താഴെപ്പറയുന്ന അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ അവതരിപ്പിക്കേണ്ട അംഗങ്ങൾ സഭയിൽ ഹാജരല്ലാതിരുന്നതിനാൽ പ്രമേയങ്ങൾ അസാധുവായി].

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ :

(ii) 2016-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ.

(ശ്രീ. എൻ. ഷംസുദ്ദീൻ നോട്ടീസ് നൽകിയത്)

(iii) 2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവർത്തികളും നിരോധിക്കുന്നതിനുള്ള ബിൽ.

(ശ്രീ. പി. ടി. തോമസ് നോട്ടീസ് നൽകിയത്)

(iv) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ.

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നോട്ടീസ് നൽകിയത്)

III. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളിന്മേലുള്ള തുടർചർച്ച

(1) ശ്രീ. എ. പ്രദീപ്കുമാർ, 2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും, പരിപാലനവും നിർമ്മാണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തി ന്മേലുള്ള പ്രസ്താവന തുടർന്നു. പ്രസ്താവന പൂർത്തിയായില്ല.

(2) ശ്രീ. പുരുഷൻ കടലുണ്ടി, 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള പ്രസ്താവന തുടർന്നു. പ്രസ്താവന പൂർത്തിയായില്ല.

(3) ശ്രീ. കെ. കൃഷ്ണൻകുട്ടി, 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള പ്രസ്താവന തുടർന്നു. പ്രസ്താവന പൂർത്തിയായില്ല.

2018 ജൂൺ 11-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 11.01-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

( Brief Record of Proceedings )

*Friday, June 8, 2018*

**No. 130**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Adjournment Motion:*

Shri P. T. Thomas and two other Members had given a notice of adjournment motion regarding the serious situation reported to have arisen consequent on the statement reportedly made by the Chief Minister during the reply to the notice of an adjournment motion in the Assembly the other day that the members of the opposition had been siding with groups with terror links. The Speaker withheld consent to the moving of the motion on the ground that it sought discussion on a statement made in the House.

In protest against the withholding of consent to the moving of the motion the Members belonging to the opposition raised slogans and staged a walk out, boycotting the rest of the proceedings.

*Calling Attention:*

Shri V. Abdurahiman called the attention of the Chief Minister to the necessity to take steps to clean the Canolly Canal. The Chief Minister made a statement thereto.

KNPP.1368/2018 (ii).

*Matters raised under Rule 304*:

The matters raised under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. സി. കെ. ശശീന്ദ്രൻ | വയനാട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സും എച്ച്.റ്റി.എ.-യും | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 2 | ശ്രീ. ബി. ഡി. ദേവസ്സി | വൈറ്റിലപ്പാറയിൽ പെൺകുട്ടികൾക്കുള്ള ഹോസ്റ്റലിന്റെ നിർമ്മാണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ദാസൻ | അപകടാവസ്ഥയിലായ മത്സ്യബന്ധന ബോട്ടിനുള്ള രക്ഷാപ്രവർത്തനം ത്വരിതപ്പെടുത്തുന്നത് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 4 | ശ്രീ. ആർ. രാജേഷ് | തഴക്കര പഞ്ചായത്തിലെയും മാവേലിക്കര മുനിസിപ്പാലിറ്റിയിലെയും കുടിവെള്ള ക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. കൃഷ്ണൻകുട്ടി | പാലക്കാട് ജില്ലയിലെ കർഷകരുടെ സബ്സിഡി ആനുകൂല്യങ്ങൾ | കൃഷി വകുപ്പുമന്ത്രി |
| 6 | ശ്രീ. എൽദോ എബ്രഹാം | അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്ക് റേഷൻ പെർമിറ്റ് പുതുക്കി നൽകുന്നത് | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. കെ. സി. മമ്മത് കോയ | കോഴിക്കോട് നഗരത്തിലെ മാലിന്യ സംസ്കരണ സംവിധാനം | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Private Members' Business:*

I. The Thirteenth Report of the Committee on Private Members' Bills and Resolutions was adopted by the House.

II. Motion for Leave to introduce the following Bills:

(1) Shri B. Satyan moved a motion for leave to introduce the Kerala Water Sources Preservation Authority Constitution Bill, 2017 given notice of by him. Since the motion was opposed by the Minister for Water Resources the mover was allowed to make a brief statement. The statement was inconclusive.

[The motions for leave to introduce the following bills included as item 3(2) (ii), (iii) and (iv) in the List of Business for the day stood lapsed since the Members who were to move them were not in the House].

Motion for leave to introduce the following Bills:

(ii) The Kerala State Akshaya Entrepreneurs' Constitution of Welfare Fund Board Bill, 2016.

(Given notice of by Shri N.Samsudheen)

(iii) The Kerala Prevention of Black-magic and Superstitious Practices Bill, 2017.

(Given notice of by Shri P.T.Thomas)

(iv) The Kerala Panchayt Raj (Amendment) Bill, 2018.

(Given notice of by Prof. Abid Hussain Thangal)

III. Continued Discussion on Motion for leave to introduce the following Bills:

(1) Shri A. Pradeepkumar resumed the statement on the motion for leave to introduce The Kerala Preservation, Maintenance and Construction of Playgrounds Bill, 2016, given notice of by him. The statement was inconclusive.

(2) Shri Purushan Kadalundy resumed the statement on the motion for leave to introduce The Kerala Scheduled Tribes' Indigenous Language and Culture Protection Bill, 2016, given notice of by him. The statement was inconclusive.

(3) Shri K. Krishnankutty resumed the statement on the motion for leave to introduce The Kerala State Farmers Welfare Board Constitution Bill, 2017 given notice of by him. The statement was inconclusive.

The House adjourned at 11.01 p.m. to meet again at 8.30 a.m. on Monday, June 11, 2018.

V. K. BABU PRAKASH,
*Secretary.*